**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2142** 06.10.2016- ൽ മറുപടിക്ക്

## ശോച്യാവസ്ഥയിലായ മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണം.

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാടെ തകർന്ന് കാൽനട യാത്രയും വാഹന ഗതാഗതവും ദുഷ്കരമായ മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മുക്കം-കുമാരനെല്ലൂർ-കൂടരഞ്ഞി റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ തടസ്സങ്ങൾ എന്തെല്ലാമെന്നും തടസ്സങ്ങൾ നീക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | (ബി) ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കേസുമായി ബന്ധപ്പെട്ട് കോടതി ആവശ്യപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) പ്രവൃത്തി എന്ന് തുടങ്ങാനും എന്ന് പൂർത്തിയാക്കാനും കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും കോടതിയിൽ നിലവിലുള്ള കേസിന്റെ വിധി വരുന്ന മുറയ്ക്കേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കേസ് വേഗം തീർപ്പായാൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ